'ഭരണഭാഷ - മാതൃഭാഷ'

**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും, ഭരണവിഭാഗവും, ചീഫ് എഞ്ചിനീയറുടെ നടപടിക്രമങ്ങൾ**

(ഹാജർ: **ജീവരാജ് എം.എൻ.**)

വിഷയം:-പൊ.മ.വ - നിരത്തുകളും പാലങ്ങളും - ദേശീയപാത വിഭാഗങ്ങളിൽ ഔദ്യോഗിക വാഹനങ്ങൾ ഇല്ലാത്ത ഉപ വിഭാഗം ഓഫീസുകളിൽ വാഹനങ്ങൾ മാസ വാടകയ്ക്ക് എടുക്കുന്നത് - സംബന്ധിച്ച്:-

പരാമർശം:-1. 23/09/2017-ലെ സർക്കാർ ഉത്തരവ് നം. 1424/2017/പൊ.മ.വ.
2. നിരത്തുകളും പാലങ്ങളും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറുടെ 12/10/2017-ലെ ഉത്തരവ് നം. സി.ഇ/ഭരണം/ പി.എൽ.എ/1001/05/ പാർട്ട്-III.

**ഉത്തരവ് നം.സി.ഇ/ഭരണം/പി.എൽ.എ/1001(എ)/05/പാർട്ട്-III, തീയതി 05/01/2018**

സൂചന (2) പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടം, നിരത്തുകളും പാലങ്ങളും, ദേശീയപാത, ആർക്കിടെക്ച്വറൽ എന്നീ വിഭാഗങ്ങളിലെ നിലവിൽ ഔദ്യോഗിക വാഹനങ്ങളില്ലാത്ത കാര്യാലയങ്ങളിൽ വാഹനം മാസ വാടകയ്ക്ക് എടുക്കുന്നതിനായി അനുമതി നൽകിയതിൽ, ചീഫ് എഞ്ചിനീയർ (മെയിന്റെനൻസ്) ആർക്കിടെക്ട് വിഭാഗം, ഇലക്ട്രിക്കൽ സബ് ഡിവിഷൻ തിരുവനന്തപുരം എന്നിവർക്ക് വാഹനം ആവശ്യമില്ല എന്ന അറിയിപ്പ് പരിഗണിച്ച് അവർക്ക് ഇതിലേക്കായി നൽകിയിരുന്ന അനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ റദ്ദ് ചെയ്ത ഒഴിവുകളിൽ

1. ദേശീയപാത സബ് ഡിവിഷൻ-1, തിരുവനന്തപുരം.
2. റോഡ്സ് സബ് ഡിവിഷൻ, കൊട്ടാരക്കര.
3. റോഡ്സ് സബ് ഡിവിഷൻ, കൊടുവള്ളി. } രണ്ട് ഓഫീസുകൾക്കുമായി
4. റോഡ്സ് സബ് ഡിവിഷൻ, കൊയിലാണ്ടി. }

എന്നീ ഓഫീസുകൾക്ക് വാഹനം വാടകയ്ക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

23/09/2017-ലെ സർക്കാർ ഉത്തരവിനും 21/08/2017-ലെ ചീഫ് എഞ്ചിനീയേഴ്സ് കമ്മറ്റിയിലെ തീരുമാനങ്ങൾക്കും വിധേയമായി കിലോമീറ്ററിന് 13.10 രൂപ എന്ന പ്രകാരം മാസത്തിൽ ഉപയോഗിക്കാവുന്ന ഏറ്റവും കൂടിയ തുക 30000/- രൂപയായി (ഡ്രൈവർ, ഫ്യുവൽ,മെയിന്റെനൻസ് ഉൾപ്പെടെ) മാർച്ച് 2018 വരെ നിജപ്പെടുത്തി മേൽപ്പറഞ്ഞ ഓഫീസുകളുടെ ജില്ലാതല ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

മഹേന്ദ്ര ബൊലേറയോ, തത്തുല്യമോ ആയ വാഹനങ്ങൾ ഉപയോഗിക്കാവുന്നതും പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായി ടെണ്ടർ/ക്വട്ടേഷൻ മുഖേന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാഹനങ്ങൾ വാടകയ്ക്ക് എടുക്കാവുന്നതാണ്. ഈയിനത്തിൽ ഓരോ മാസവും വരുന്ന തുകകളുടെ വിശദാംശങ്ങൾ അതാത് മാസം തന്നെ ലോഗ് ബുക്കിൽ രേഖപ്പെടുത്തി യാത്ര ചെയ്ത കിലോമീറ്റർ സർട്ടിഫൈ ചെയ്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്:-
1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ദേശീയപാത വിഭാഗം, തിരുവനന്തപുരം.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് വിഭാഗം, കൊല്ലം.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് വിഭാഗം, കോഴിക്കോട്.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,എൻ.എച്ച് ബൈപ്പാസ്-1, തിരുവനന്തപുരം.
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,റോഡ്സ് സബ് ഡിവിഷൻ,കൊട്ടാരക്കര.
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,റോഡ്സ് സബ് ഡിവിഷൻ,കൊടുവള്ളി.
7. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,റോഡ്സ് സബ് ഡിവിഷൻ,കൊയിലാണ്ടി.

FC1/AM/213